## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4626 26.10.2016 ൽ മറുപടിയ്ക്ക്

## പെരിയാർ വെസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെയുള്ള അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എൻ.ഷംസീർ | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പെരിയാർ വെസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ സി.ബാബുവിനെതിരെ വകുപ്പുതലത്തിലും, പോലീസ് തലത്തിലും, വിജിലൻസ് തലത്തിലും എത്ര അന്വേഷണങ്ങൾ നടന്നുവരുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) പെരിയാർ വെസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ സി.ബാബുവിനെതിരെ വകുപ്പുതലത്തിൽ നാല് കേസുകൾ നിലവിലുണ്ട്. ടിയാനെതിരെ നിലവിൽ വിജിലൻസ് അന്വേഷണങ്ങളൊന്നും നടക്കുന്നില്ല. ടിയാനെതിരെ പോലീസ് തലത്തിൽ അന്വേഷണങ്ങൾ നടക്കുന്നുണ്ടോ എന്ന വിവരം ശേഖരിച്ചു വരുന്നു. |
| (ബി) ശ്രീ.സി. ബാബു ഈ തസ്തികയിൽ എത്ര കാലമായി തുടരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) ശ്രീ.സി.ബാബു 01.07.2014 മുതൽ ഈ തസ്തികയിൽ തുടർന്നു വരുന്നു. |
| (സി) വകുപ്പുതല അന്വേഷണത്തിന്റെയോ പോലീസ് അന്വേഷണത്തിന്റെയോ അടിസ്ഥാനത്തിൽ ഇദ്ദേഹത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) റാന്നി ഡിവിഷനിലെ ഗൂഡ്രിക്കൽ റെയിഞ്ചിലെ കൊച്ചുകോയിക്കൽ ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധിയിൽ വേലുത്തോട് 1967 തേക്ക് തോട്ടത്തിൽ നിന്നിരുന്ന രണ്ട് പച്ച തേക്ക് മരങ്ങൾ മുറിച്ച് നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ഒ.ആർ 9/02 നമ്പർ കേസ്സിന്റെ അന്വേഷണം യഥാസമയം പൂർത്തിയാക്കി കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിൽ |

പരാജയപ്പെട്ടതുമായി ബന്ധപ്പെട്ട വിഷയത്തിൽ സി.ബാബുവിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

റാന്നി ഡിവിഷനിലെ ഗുഡ്രിക്കൽ റെയിഞ്ചിലെ കൊച്ചുകോയിക്കൽ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന ആനചന്തഭാഗം ഫുഡ് പ്രൊഡക്ഷൻ ഏരിയായിൽ നിന്നും അനധികൃതമായി മൂന്ന് ആഞ്ഞിലി മരങ്ങൾ മുറിച്ച് ഉരുപ്പടികളാക്കിയതിനും വനത്തിൽ നിന്ന് പാലി, ചെന്നെല്ലി തുടങ്ങിയ കാട്ടുകഴകൾ മുറിച്ച് കെട്ടിടം പണിയ്ക്കുപയോഗിച്ചതിന് കൊച്ചു കോയിക്കൽ സ്റ്റേഷനിൽ ഒ.ആർ.2/03, 3/2003 എന്നീ കേസ്സുകളിൽ തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 1986/- രൂപ ഈടാക്കുക, ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുക എന്നീ ശിക്ഷകൾ നൽകിക്കൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു. ടി ഉത്തരവിനെതിരെ ടിയാൻ അപ്പീൽ അപേക്ഷ നൽകുകയും, ടി അപ്പീൽ പരിഗണിച്ച് ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവാകുകയും ചെയ്തു.

കോട്ടയം ഡിവിഷനിലെ ചുരുളി-വാഴത്തോപ്പ് എൻ.ആർ.എഫ് ളുപ്പുകളിൽ നിന്നും തടികൾ നഷ്ട-പ്പെട്ടതുമായി ബന്ധപ്പെട്ട് ടിയാനെതിരെ കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ഔപചാരികാന്വേഷണത്തിനായി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

നേര്യമംഗലം റെയിഞ്ചിൽ ഈഞ്ചത്തൊട്ടി സ്റ്റേഷൻ അതിർത്തിയിൽ റെയിഞ്ച് ഓഫീസിനോട് തൊട്ടടുത്ത ശ്രീ.കുഞ്ഞുമോന്റെ വീട്ടിലേയ്ക്കുള്ള റോഡ് അനധികൃതമായി ടാർ ചെയ്തത് സംബന്ധിച്ച് ടിയാന് കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും തുടർന്നു നടന്ന ഔപചാരികാന്വേഷണത്തിൽ ടി കേസിൽ ടിയാൻ കുറ്റക്കാരനല്ലെന്നു തെളിയുകയും അച്ചടക്കനടപടികളിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു.

എരുമേലി റെയിഞ്ചാഫീസറായിരുന്ന ടിയാൻ കേരള ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും അഡ്വാൻസ് എടുത്ത വകയിൽ ബാധ്യത നിലവിൽ ഉണ്ടായിരുന്നു-വെന്നും എന്നാൽ 17,275/- രൂപ ഈടാക്കിയിട്ടുള്ളതായി ടിയാൻ കെ.എഫ്.ഡി.സി. മാനേജർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരായ ബാധ്യതയിൽ നിന്നും ടിയാനെ ഒഴിവാക്കിയതായി കെ.എഫ്. ഡി.സി. സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

മലയാറ്റൂർ ഡിവിഷനിലെ കുട്ടമ്പുഴ റെയിഞ്ച് പൂയംകുട്ടി ഫോറസ്റ്റ് സ്റ്റേഷനിലെ ഒ.ആർ.4/98-ാം നമ്പർ കേസ് സംബന്ധിച്ച് ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ഔപചാരികാന്വേഷണത്തിൽ സർക്കാർ നഷ്ടമൊന്നും സംഭവിച്ചിട്ടില്ലായെന്ന വസ്തുത കണക്കിലെടുത്ത് ടിയാന് ശക്തമായ താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുമുണ്ട്.

മലയാറ്റൂർ ഡിവിഷനിലെ കുട്ടമ്പുഴ

റെയിഞ്ച് എണ്ണക്കൽ സ്റ്റേഷൻ പരിധിയിൽ ഒരു കൊമ്പനാനയുടെ ജഡം കണ്ടെത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ഒ.ആർ.2/99 നമ്പർ കേസ്സിൽ ടിയാനെതിരെ കുറ്റപത്രം നൽകി അന്വേഷണം ആരംഭിച്ചിരുന്നു. എന്നാൽ ആനയുടെ മരണം സ്വാഭാവിക മരണമാണെന്ന് പോസ്റ്റുമോർട്ടത്തിൽ നിന്നു വ്യക്തമായതിനാലും, സർക്കാർ നഷ്ടമായ 5,000/- രൂപയും അതിന്റെ പിഴയായ 2,500/- രൂപയും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കമ്പനിയിൽ നിന്ന് കുറ്റാരോപിതർ ഈടാക്കിയിരുന്നതിന്റെയും വെളിച്ചത്തിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

മലയാറ്റൂർ ഡിവിഷനിലെ കുട്ടമ്പുഴ റെയിഞ്ചിലെ ആനക്കുളം അതിർത്തിയിൽപ്പെട്ട കുന്ത്രപ്പുഴ പഴന്തണ്ണിഭാഗം റിസർവ്വിൽ അനധികൃതമായി പ്രവേശിച്ച് കാട്ടുതീകയറി കത്തി വീണു കിടന്നിരുന്ന രണ്ട് ഉണക്ക തേക്ക് മരങ്ങളുടേയും ഒരു ഉണക്ക ഈട്ടി മരത്തിന്റെയും കഷണങ്ങൾ അറുത്തു മുറിച്ച് നീക്കം ചെയ്തത് സംബന്ധിച്ച് ആനക്കുളം സ്റ്റേഷനിൽ ഒ.ആർ.6/98 നമ്പരായി രജിസ്റ്റർ ചെയ്ത കേസ്സിൽ 60,000/- രൂപ സർക്കാർ നഷ്ടം സംഭവിച്ചിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് ടിയാനെതിരെ സർക്കാർ തലത്തിൽ കഠിന ശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ഔപചാരികാ

ന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തു. അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു.

മലയാറ്റൂർ ഡിവിഷനിലെ കുട്ടമ്പുഴ റെയിഞ്ചിലെ ആനക്കുളം സ്റ്റേഷനിൽപ്പെട്ട നാരകത്തറ റിസർവ്വിൽ കൊമ്പുകൾ നീക്കം ചെയ്ത നിലയിൽ കാട്ടാനയുടെ ജഡം കണ്ടെത്തിയതുമായി ബന്ധപ്പെട്ട് ഒ.ആർ.1/98 നമ്പർ കേസിൽ ശക്തമായ അന്വേഷണം നടത്തുന്നതിനുള്ള പ്രേരണ കീഴുദ്യോഗസ്ഥർക്ക് നൽകുകയോ അന്വേഷണം സ്വയം ഏറ്റെടുക്കുകയോ ചെയ്യാതിരുന്നത് സംബന്ധിച്ച് ടിയാനെതിരെ കഠിന ശിക്ഷയുള്ള കുറ്റപത്രം നൽകി ആരംഭിച്ച അച്ചടക്ക നടപടിയിൽ സർക്കാർ നഷ്ടത്തിൽ ടിയാന്റെ വിഹിതമായ 10,000/- രൂപ ഈടാക്കുന്നതിനും ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ടും ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്.

മലയാറ്റൂർ ഡിവിഷനിലെ കുട്ടമ്പുഴ റെയിഞ്ചിലെ പൂയംകുട്ടി സ്റ്റേഷൻ പരിധിയിൽപ്പെട്ട 1998 ചൂരൽത്തോട്ടം നശിക്കാനിടയായതു സംബന്ധിച്ച് റെയിഞ്ചോഫീസറായിരുന്ന ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ സർക്കാർ നഷ്ടമായ 48,276/- രൂപ ടിയാനിൽ നിന്ന് ഈടാക്കാനും ഇനിയുള്ള സർവ്വീസ് കാലയളവിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകരുതെന്ന കർശനമായ താക്കീത് നൽകിക്കൊണ്ടും അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്.

മലയാറ്റൂർ ഡിവിഷനിലെ കുട്ടമ്പുഴ റെയിഞ്ചിലെ ഒ.ആർ. 5/91, 6/91 നമ്പർ കേസുകളിൽ ടിയാനെതിരെ സർക്കിൾ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും കുറ്റവിമുക്തനാക്കുകയും ചെയ്തിട്ടുണ്ട്.

കോട്ടയം ജില്ലയിൽ കുമരകം പഞ്ചായത്തിൽ താജ്ഹോട്ടൽ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് അനധികൃതമായി മരംമുറിച്ച് നീക്കുന്നത് സംബന്ധിച്ച് കോട്ടയം സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായിരുന്ന ടിയാനെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ചിട്ടുള്ള പരാതി യിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ പൊതുസ്ഥലത്തു നിന്നിരുന്ന ആഞ്ഞിലി മരം മുറിച്ച് ലേലം ചെയ്ത് വിറ്റതിലെ അഴിമതിയുമായി ബന്ധപ്പെട്ട് ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ